# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1359 — 08.02.2013 ൽ - മറുപടിക്ക്

## മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, ജി. എസ്. ജയലാൽ<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ. ചന്ദ്രശേഖരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ മാവേലിസ്റ്റോറുകളിലും സഹകരണ സംഘങ്ങളുടെയും സർക്കാരിന്റെയും അധീനതയിലുള്ള മറ്റുസ്ഥാപനങ്ങളിലും എത്രയിനം സാധനങ്ങളാണ് വിതരണം ചെയ്തിരുന്നത്; ഏതെല്ലാം?

(എ) മുൻ സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോറുകൾ വഴി അരി, ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പഞ്ചസാര, വെളിച്ചെണ്ണ, തുടങ്ങിയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ മുതലായവയാണ് വിതരണം ചെയ്തു വന്നിരുന്നത്. കൺസ്യൂമർഫെഡിന്റെ വിൽപ്പന ശാലകളിലൂടെ എല്ലാ വിധത്തിലുള്ള നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തിരുന്നു.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകളിലും സഹകരണ സംഘങ്ങളുടെയും സർക്കാരിന്റെയും അധീനതയിലുള്ള മറ്റു സ്ഥാപനങ്ങളിലും എത്രയിനം സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്; ഏതെല്ലാം;

(ബി) മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ തന്നെയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷവും വിതരണം ചെയ്തു വരുന്നത്.

(സി) മാവേലി സ്റ്റോറുകളിലും സഹകരണ സംഘങ്ങളുടെയും സർക്കാരിന്റെയും അധീനതയിലുള്ള മറ്റു സ്ഥാപനങ്ങളിലും വിതരണം ചെയ്തു വന്ന ഏതെല്ലാം ഇനം സാധനങ്ങൾക്ക് എത്ര വീതം സബ്സിഡി നൽകിവന്നിരുന്നു; ഇപ്പോൾ എത്രയിനം സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ട്; എതെല്ലാം ഇനം സാധനങ്ങൾക്ക് സബ്സിഡി നിറുത്തലാക്കി; സബ്സിഡി നിറുത്തലാക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ?

(സി) താഴെപ്പറയുന്ന സാധങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

| ക്രം. നം. | ഇനം | 1/2013 ലെ വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 49.00 |
| 2 | ഉഴുന്ന് (ബോൾ) | 36.00 |
| 3 | വൻ കടല | 44.00 |
| 4 | വൻപയർ | 26.50 |
| 5 | തുവരപ്പരിപ്പ് | 34.00 |
| 6 | മുളക് | 45.00 |
| 7 | മല്ലി | 45.90 |
| 8 | പഞ്ചസാര | 25.00 |
| 9 | സോർട്ടക്സ് പച്ചരി | 16.00 |
| 10 | സോർട്ടക്സ് മട്ട അരി | 16.00 |
| 11 | ജയ അരി | 21.00 |
| 12 | കുറുവ അരി | 19.00 |
| 13 | വെളിച്ചെണ്ണ (1 ലി.) | 62.00 |

മാവേലി സ്റ്റോറുകളിൽ വളരെ കുറഞ്ഞ തോതിൽ വിൽപ്പനയുള്ള ഉലുവ, കടുക്, ജീരകം, പീസ് പരിപ്പ്, ഉഴുന്ന് പരിപ്പ്, ബോധന അരി എന്നിവയാണ് സബ്സിഡി ഇനങ്ങളിൽ നിന്ന് ഒഴിവാക്കിയത്. ഇതിന് പകരം കൂടുതൽ അളവിൽ വിൽപ്പന ഉള്ള ജയ അരി, മട്ട അരി, പച്ചരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവ സബ്സിഡി ഇനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്സിഡിയിൽ നിന്നും ഒഴിവാക്കിയ ഇനങ്ങൾ ഇപ്പോഴും പൊതുവിപണി വിലയേക്കാൾ കുറവായിട്ടാണ് സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നത്.

ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, ചെറുപയർ, കടല, ഉഴുന്ന്, വൻപയർ, മല്ലി, തുവര പരിപ്പ്, മുളക്, വെളിച്ചെണ്ണ എന്നീ 13 ഇനം ഭക്ഷ്യവസ്തുക്കളാണ് കൺസ്യൂമർഫെഡ് വഴി ഇപ്പോൾ സബ്സിഡി നൽകി വിതരണം നടത്തുന്നത്. താരതമ്യേന ഉപഭോഗം കുറഞ്ഞ ചെറുപയർ പരിപ്പ്, പീസ് പരിപ്പ്, കടുക്, ഉലുവ, ജീരകം, ചെറുകടല എന്നിങ്ങനെ 6 ഇനങ്ങൾക്ക് സബ്സിഡി നിർത്തലാക്കുകയും പകരം ഉപഭോക്താക്കൾക്ക് കൂടുതൽ ആവശ്യമുള്ളതും ഉപഭോഗം കൂടുതൽ ഉള്ളതുമായ 6 ഇനങ്ങളെ സബ്സിഡി ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

Beena

സെക്ഷൻ ഓഫീസർ